# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1280 — 13/07/2016-ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുള്ള

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി നീട്ടുന്നതിന് സർക്കാർ ശുപാർശ നൽകുകയുണ്ടായോ; | (എ) യും (ബി) യും (സി) യും | നിലവിലുള്ളതും നാലരവർഷം പൂർത്തിയാകാത്തതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്കു കൂടി അല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ അല്ലെങ്കിൽ നാലരവർഷം പൂർത്തിയാകുന്നതു വരെ (ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ) ദീർഘിപ്പിക്കുന്നതിന് പി.എസ്.സി.യോട് 23.06.2016 ന് സർക്കാർ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30.06.2016 ന് നിലവിലുള്ളതും 30.12.2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31.12.2016 വരെ 6 മാസത്തേക്ക് ദീർഘിപ്പിച്ച് കമ്മീഷൻ തീരുമാനമെടുത്തിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സിലെ ട്രെയിനിംഗ് ആവശ്യമായ തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾക്കും ട്രെയിനിംഗിന് തെരഞ്ഞെടുക്കുകയും തുടർന്ന് സ്വമേധയാ നിയമിതരാവുകയും ചെയ്യുന്ന സർവ്വീസുകളുടെയും തസ്തികകളുടെയും റാങ്ക് ലിസ്റ്റുകൾക്കും മേൽ തീരുമാനം ബാധകമല്ല. |
| (ബി) | എങ്കിൽ എത്ര കാലം കൂടി നീട്ടുന്നതിനാണ് ശുപാർശ ചെയ്തത്; നിലവിലുള്ള മുഴുവൻ റാങ്ക് പട്ടികകളുടെയും കാലാവധി നീട്ടുമോ; | | |
| (സി) | ഇല്ലെങ്കിൽ ഏതു തരം റാങ്ക് പട്ടികകളുടെ കാലാവധി നീട്ടുന്നതിനാണ് പി.എസ്.സി.യോട് ആവശ്യപ്പെട്ടത്; | | |

| | | | |
|---|---|---|---|
| ഡി) | മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി എത്ര തവണ നീട്ടിയിരുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 11 തവണ നീട്ടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**